കൂടാതെ വിവിധ ശാസ്ത്രമേഖലകളും വിഷയങ്ങളുമായി ബന്ധപ്പെട്ട സെമിനാർ, ശില്പശാല എന്നിവ നടത്തുകയും അതിലേക്ക് ഗവേഷണഫലങ്ങൾ ഉപയോഗപ്പെടുത്തുന്ന വകുപ്പധികാരികളെ ക്ഷണിക്കുകയും ഗവേഷണഫലങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ വിവിധവശങ്ങൾ ചർച്ച ചെയ്തു തീരുമാനമെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി പ്രശ്നങ്ങൾ മുൻനിർത്തി വിവിധ വകുപ്പുകൾ നിർദ്ദേശിക്കുന്ന ഗവേഷണവും പഠനങ്ങളും നടത്തി അതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിവരുന്നു.

(ബി) 1. ജനിതകമാറ്റം വരുത്തിയ ഇനങ്ങൾ ആരോഗ്യ-പാരിസ്ഥിതിക മേഖലകളിൽ ഉണ്ടാകുന്ന വിപരീത ഫലങ്ങളെക്കുറിച്ച് ലോകമെങ്ങും നിലനിൽക്കുന്ന വിവാദങ്ങൾ സംശയാതീതമായി പര്യവസാനിക്കുംവരെ കേരള സർക്കാർ അത്തരം സസ്യജീവ ജാലങ്ങളുടെ ഉപയോഗം സംസ്ഥാനത്ത് അനുവദിക്കുകയില്ല.

2. വിത്തിൻമേൽ കൃഷിക്കാരുടേയും സംസ്ഥാനത്തിന്റെയും പരമാധികാരം ഉറപ്പാക്കുക.

(സി) ഉണ്ട്.

(ഡി) സർക്കാർ നയരൂപീകരണം നടത്തുന്നത് ഏതെങ്കിലും വിദേശ ലോബികളുടെ ബിസിനസ്സ് താല്പര്യങ്ങൾക്കനുസരിച്ചല്ല.

(ഇ) നൂറ്റാണ്ടുകളായി ആദരവോടെ പാലിച്ചുപോന്ന പ്രകൃതി സൗഹൃദ കൃഷിരീതികളെ പാടെ തിരസ്ക്കരിച്ച് കടന്നുകയറിയ അധികവിള-രാസവള-രാസകീടനാശിനി കൃഷിരീതി ഭീമവും, അപരിഹാര്യവുമായ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വഴിയൊരുക്കിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, സുസ്ഥിര ഉൽപ്പാദനം സാദ്ധ്യമാക്കുംവിധം കാർഷിക-ആവാസവ്യവസ്ഥയെയും ഭൂമിയുടെ സഹജഗുണങ്ങളെയും മെച്ചപ്പെടുത്തുന്നു എന്നും, മണ്ണിന്റെ ഉൽപ്പാദനക്ഷമത നിലനിർത്തുന്നു എന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുമാണ് സംസ്ഥാന സർക്കാർ ജൈവകൃഷിനയം രൂപീകരിച്ചിട്ടുള്ളത്.

ഐ.ടി. മേഖലയിലെ വികസനം

75 (88) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഐ.ടി മേഖലയിൽ എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എവിടെയെല്ലാമാണ് പുതിയ ഐ.ടി. പാർക്കുകൾ ആരംഭിച്ചിട്ടുള്ളത് ;

(സി) ഐ.ടി രംഗത്തെ വികസനവുമായി ബന്ധപ്പെട്ട് എത്ര പേർക്ക് ഈ ഗവൺമെന്റിന്റെ കാലത്ത് തൊഴിൽ ലഭിച്ചിട്ടുണ്ട് ;

(ഡി) കണ്ണൂർ ജില്ലയിലെ ഇരിണാവിലെ പുതിയ ഐ.ടി. പാർക്കിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ടെക്നോപാർക്ക് മൂന്നാംഘട്ടം, ടെക്നോസിറ്റി, കൊല്ലം, അമ്പലപ്പുഴ, ചേർത്തല, ഇൻഫോപാർക്ക് രണ്ടാംഘട്ടം, കൊരട്ടി, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നിവിടങ്ങളിലാണ് പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്.

(സി) ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി ഇപ്പോൾ ഏകദേശം 34,500-ഓളംപേർ ജോലിചെയ്യുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ എരമത്ത് ആരംഭിക്കുന്ന ഐ.ടി. പാർക്കിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഐ.ടി. പാർക്കിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട ഐ.ടി. പാർക്കുകൾ

76 (89) ശ്രീ. പള്ളിപ്രം ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട ഐ.ടി. പാർക്കുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലാണ് ഇതിന്റെ പ്രവർത്തനം തുടങ്ങിയത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ടെക്നോലോഡ്ജുകൾ ആരംഭിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ കടയ്ക്കൽ, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ടെക്നോലോഡ്ജുകൾ പ്രവർത്തനം തുടങ്ങികഴിഞ്ഞിട്ടുണ്ട്. കൊല്ലം ജില്ലയിലെതന്നെ വെളിയം, അഞ്ചൽ, പത്തനാപുരം, പൂതക്കുളം, ഇടുക്കി ജില്ലയിലെ കരിങ്കുന്നം, എറണാകുളം ജില്ലയിലെ തിരുവമ്പാടി, തൃശ്ശൂർ ജില്ലയിലെ കൊടകര, വേലൂർ, കണ്ണൂർ ജില്ലയിലെ മയ്യിൽ എന്നിവിടങ്ങളിൽ ടെക്നോലോഡ്ജുകൾ ആരംഭിക്കുന്നതിന് ഭരണാനുമതിയും നല്കിയിട്ടുണ്ട്.

ചീമേനി ഐ.ടി. പാർക്കിന്റെ നിർമ്മാണം

77 (90) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർകോഡ് ജില്ലയിൽ അനുവദിച്ച ചീമേനി ഐ.ടി. പാർക്കിന്റെ ശിലാസ്ഥാപനം മാസങ്ങൾക്കുമുമ്പേ കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly